LIBRARY ARCHIVES Kerala Legislative Assembly

2001-03 കാലയളവിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങൾ

73 [1212] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003 ഡിസംബർ 31 വരെ സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവരുടെ എണ്ണം എത്രയാണ്; ഈ കണക്ക് 2001 മാർച്ചിൽ എത്രയായിരുന്നു എന്നറിയിക്കുമോ;

(ബി) 2001 ഏപ്രിൽ മുതൽ 2003 ഡിസംബർ വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി എത്രപേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്;

(സി) ഇതിൽ സ്ഥിര നിയമനം എത്രയെന്നും താൽക്കാലിക നിയമനം എത്രയെന്നും വ്യക്തമാക്കുമോ;

(ഡി) താൽക്കാലിക നിയമനം ലഭിച്ച എത്രപേരെ പിരിച്ചുവിട്ടിട്ടുണ്ട് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ 31-12-03 വരെയുള്ള സ്ഥിതി വിവരക്കണക്കനുസരിച്ച് 40,04,538 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മാർച്ച് 2001-ലെ കണക്കനുസരിച്ച് 42,38,034 പേർ എപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 2001 ഏപ്രിൽ മുതൽ 2003 ഡിസംബർ വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി 31,692 പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്.

(സി) ഇതിൽ 6,392 സ്ഥിര നിയമനവും 25,300 താൽക്കാലിക നിയമനവും ആണ്.

(ഡി) ഇവരിൽ 21,444 പേരെ പിരിച്ചുവിട്ടിട്ടുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ടി.ടി.സി.-ക്കാരുടെയും ബി.എഡ്.-കാരുടെയും കണക്ക്

74 [1213] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ എത്ര ടി.ടി.സി.-ക്കാരും ബി.എഡ്.-കാരും പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നറിയിക്കുമോ;

(ബി) ഈ വിദ്യാഭ്യാസവർഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഇവരിൽ എത്ര പേർക്ക് ജോലി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഏറ്റവും കൂടുതൽ ടി.ടി.സി., ബി.എഡ്. ബിരുദധാരികൾ പേർ രജിസ്റ്റർ ചെയ്തത് ഏതു ജില്ലയിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 14,023 ടി.ടി.സി.-ക്കാരും 57,108 ബി.എഡ്. ബിരുദധാരികളും തൊഴിലിനായി പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഈ വിദ്യാഭ്യാസവർഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഇവരിൽ 264 പേർക്ക് ജോലി ലഭിച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരം ജില്ലയിലാണ് ഏറ്റവും കൂടുതൽ ടി.ടി.സി.-ക്കാരും, ബി.എഡ്.-കാരും രജിസ്റ്റർ ചെയ്തിട്ടുള്ളത്.

രജിസ്ട്രേഷൻ നഷ്ടപ്പെട്ടുപോയ ഉദ്യോഗാർത്ഥികളുടെ സീനിയോറിറ്റി

75 [1214] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തശേഷം പുതുക്കാൻ കഴിയാതെ രജിസ്ട്രേഷൻ നഷ്ടപ്പെട്ടുപോയ അനേകം ഉദ്യോഗാർത്ഥികൾ സംസ്ഥാനത്ത് ഉണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അങ്ങനെയുള്ളവർക്ക് സീനിയോറിറ്റി നിലനിർത്തി രജിസ്ട്രേഷൻ പുതുക്കുന്നതിന് ഒരവസരംകൂടി നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 22-7-2003-ലെ ജി.ഒ. (ആർ.ടി.) 2030/03/തൊഴിൽ പ്രകാരം 1-1-95 മുതൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതിരുന്നവർക്ക് അവരുടെ ഒറിജിനൽ സീനിയോറിറ്റി പുനഃസ്ഥാപിച്ചു നൽകുവാൻ അവസരം നൽകിയിരുന്നു. അതിനായി 1-12-2003 മുതൽ 31-12-2003 വരെ ടി ഉത്തരവിന്റെ ആനുകൂല്യം ലഭിക്കുവാൻ ഉദ്യോഗാർത്ഥികൾക്കും സമയം നൽകിയിരുന്നു. ഇതിൻപ്രകാരം സംസ്ഥാനത്ത് ആകമാനം 187,397 ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ റദ്ദായ രജിസ്ട്രേഷൻ പുതുക്കുന്നതിനുവേണ്ടി ലഭിച്ചിട്ടുണ്ട്.

തിരുവനന്തപുരം റീജിയണൽ	..	65323
എറണാകുളം	..	52341
കോഴിക്കോട്	..	69,733

ഈ അപേക്ഷകളിൻമേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

കണ്ണൂർ ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

76 [1215] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എത്ര എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly